ഉത്തരം

(എ ആന്റ് ബി) ആരോഗ്യവകുപ്പിലെ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ഇങ്ങനെ ഒരു സംവിധാനം ഇല്ല. എന്നാൽ തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി മുഖാന്തിരം ഒരു കിറ്റ് 80 രൂപ നിരക്കിൽ ആവശ്യക്കാർക്ക് നൽകിവരുന്നു. (ഒരു ഗൗൺ, ഒരു മുണ്ട്, ഒരു തോർത്ത് അടങ്ങിയതാണ് കിറ്റ്)

(സി) അനുവദിക്കും.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിൽ ഐ. സി. യൂണിറ്റിൽ ജനറേറ്റർ പ്രവർത്തിപ്പിക്കാൻ നടപടി

146 [2639] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിൽ ഐ.സി.യൂണിറ്റിൽ കറണ്ടില്ലാത്ത സമയത്ത് വൈദ്യുതി ലഭ്യമാക്കുന്നതിനായി ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) കാലപ്പഴക്കംകൊണ്ടുള്ള തകരാറുകൾമൂലം പലപ്പോഴും ഈ ജനറേറ്റർ പ്രവർത്തിക്കാത്തതിനാൽ ഐ.സി. യൂണിറ്റിൽ പ്രവേശിപ്പിക്കപ്പെട്ട രോഗികൾ മരിച്ചതായിട്ടുള്ളതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മറ്റ് യൂണിറ്റുകളിലും കറണ്ടില്ലാത്ത സമയത്ത് വെളിച്ചം എത്തിക്കുന്നതിന് ജനറേറ്റർ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഐ. സി. യൂണിറ്റിലും ജനറലാശുപത്രിയിലെ എല്ലാ യൂണിറ്റുകളിലും ഉപയോഗിക്കുന്നതിനാവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിന് പുതിയ ജനറേറ്ററുകൾ വാങ്ങി സ്ഥാപിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സ്ഥാപിച്ചിട്ടുണ്ട്.

(ബി) ജനറേറ്റർ തകരാറുകൾമൂലം രോഗികൾ മരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) താൽക്കാലികമായി വെളിച്ചം എത്തിക്കുന്നതിന് എമർജൻസി ലൈറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ജനറൽ ആശുപത്രിയിൽ ഇപ്പോൾ ജനറേറ്റർ നിലവിലുണ്ട്. പ്രസ്തുത ജനറേറ്ററിന്റെ പ്രയോജനം എല്ലാ വാർഡിലും എത്തിക്കുന്നതിനുള്ള കേബിളിന്റെ ജോലികൾ പൊതുമരാമത്ത് (വൈദ്യുതി വിഭാഗം) വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly